# ക്ഷാമകാലത്തെ ക്ഷേമമാക്കി മാറ്റുന്ന ദൈവം

## ഉല്പത്തി 41:37

**"ഈ വാക്ക് ഫറവോനും അവന്റെ സകല ഭൃത്യന്മാർക്കും ബോധിച്ചു"**

ഉല്പത്തി പുസ്തകം അദ്ധ്യായം 41 തുടങ്ങുന്നതു തന്നെ ഫറവോന്റെ സ്വപ്നത്തെക്കുറിച്ച് പ്രതിപാദിച്ചു കൊണ്ടാണ്. തുടർന്ന് അതിനെ വ്യാഖ്യാനിക്കുവാൻ രാജകീയമായ നടപടികളെല്ലാം എടുത്തെങ്കിലും അതിനു സാധിക്കാതെ വന്നപ്പോൾ കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടിരുന്ന യോസേഫിനെക്കുറിച്ച് അവിടെയുണ്ടായിരുന്ന ഭൃത്യരിലൊരാൾ പറഞ്ഞതനുസരിച്ച് ഫറവോൻ യോസേഫിനെ തന്റെ കൊട്ടാരത്തിലേക്ക് ക്ഷണിക്കുന്നു. അങ്ങനെ യോസേഫ് ഫറവോന്റെ സ്വപ്നം വ്യാഖ്യാനിക്കുന്നതാണ് ഈ ഭാഗത്തു കാണുന്നത്. അങ്ങനെ യോസേഫിനാൽ വ്യക്തമാക്കപ്പെട്ട സ്വപ്നത്തിന്റെ അർത്ഥം അല്ലെങ്കിൽ യോസേഫിന്റെ വാക്കുകൾ ഫറവോനും അവന്റെ ഭൃത്യന്മാർക്കും ബോധിച്ചെന്ന് നാം വായിച്ചു കണ്ടു.

ഏതാനും മിനിട്ടുകൾ മുമ്പ് വരെ കാരാഗൃഹത്തിൽ കിടന്നിരുന്ന യോസേഫിന് ഇപ്പോൾ നടക്കുന്നതെല്ലാം ഒരു സ്വപ്നം പോലെ തോന്നേണ്ടതാണ്. എന്നാൽ സമചിത്തതയോടെ ദൈവത്തിൽ ആശ്രയിച്ച് യോസേഫ് ഫറവോൻ കണ്ട സ്വപ്നം വിവരിക്കുന്നത് കേട്ടു. സ്വപ്നത്തിന്റെ അർത്ഥം പറയുന്നതിന്നു വേണ്ടിയാണ് യോസേഫിനെ കൊണ്ടുവന്നത്. എന്നാൽ യോസേഫ് സ്വപ്നവ്യാഖ്യാനം നടത്തിയ ശേഷം വരാനിരിക്കുന്ന പ്രതിസന്ധിക്ക് പരിഹാരം ഉണ്ടാക്കേണ്ടത് എങ്ങനെയെന്നും ഉപദേശിക്കുക കൂടി ചെയ്തു.

യോസേഫിനുണ്ടായിരുന്ന സ്വപ്നവ്യാഖ്യാന വരം മാത്രമല്ല, ജ്ഞാനവും വിവേകവും എല്ലാം ഇവിടെ നമുക്ക് കാണാം. ഫറവോന്റെ മന്ത്രിസഭയിൽ ഉണ്ടായിരുന്ന ആർക്കും ചിന്തിക്കുവാൻ പോലും കഴിയാത്ത അത്രയും ശ്രേഷ്ടമായ ഉപദേശമാണ് യോസേഫ് നൽകിയത്. ഈ ഒരൊറ്റ കാര്യം കൊണ്ട് ഫറവോൻ യോസേഫിനെ തന്റെ ഗൃഹത്തിനും രാജ്യത്തിനും അധികാരിയാക്കി. സകലരും യോസേഫിനെ അനുസരിക്കുമെന്ന് കൽപ്പിക്കുകയും ചെയ്തു. ഒരു സാമ്രാജ്യം തന്നെ നശിച്ചു പോകാമായിരുന്ന ഏഴു വർഷം നീണ്ടു നിന്ന കഠിന ക്ഷാമകാലം ആ രാജ്യത്തിന്റെ അഭിവൃദ്ധിക്കും ഉയർച്ചയ്ക്കും കാരണമായി തീരാൻ ഈ ദൈവീക ജ്ഞാനത്താൽ ഇടയായി. മിസ്രയീമിൽ മാത്രമല്ല ചുറ്റുമുള്ള രാജ്യങ്ങളിലും ക്ഷാമം ഉണ്ടായിരുന്നതിനാൽ അവരെല്ലാവരും ഭക്ഷ്യ വസ്തുക്കൾ വാങ്ങാൻ മിസ്രയീമിൽ എത്തുകയും സമ്പത്ത് അവിടേക്ക് ഒഴുകുകയും ചെയ്തു.

പ്രിയമുള്ളവരെ നമ്മുടെ ജീവിതത്തിലും കടന്നു വരുന്ന ഞെരുക്കങ്ങളെയും ബുദ്ധിമുട്ടുകളെയും അവസരങ്ങളാക്കി മാറ്റുവാൻ നമുക്കും കഴിയട്ടെ. അതിനായി ദൈവത്തിന്റെ ആത്മാവിന്റെ ജ്ഞാനത്താൽ ദൈവം നമ്മെ നിറെയ്ക്കാനായി പ്രാർത്ഥിക്കാം. ഫറവോനെ പോലെ അനേകർ നമ്മിലുള്ള ദൈവീക ജ്ഞാനത്താൽ അനുഗ്രഹിക്കപ്പെടാൻ ഇടയാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 104:27–28

തക്കസമയത്തു തീൻ കിട്ടേണ്ടതിന്നു ഇവ ഒക്കെയും നിന്നെ കാത്തിരിക്കുന്നു. നീ കൊടുക്കുന്നതിനെ അവ പെറുക്കുന്നു തൃക്കൈ തുറക്കുമ്പോൾ അവെക്കു നന്മകൊണ്ടു തൃപ്തിവരുന്നു.

ബ്രദർ. ബിനു ബേബി ആലപ്പുഴ 144